മാതൃഭൂമി

24 June 2023

# മലബാറിൽ കല്ലുമ്മക്കായ ഉത്പാദനത്തിൽ ഒന്നരമടങ്ങിലേറെ വർധനയെന്ന് സി.എം.എഫ്.ആർ.ഐ.

**കൊയിലാണ്ടി ▸** മലബാർ മേഖലയിൽ കല്ലുമ്മക്കായയുടെ ഉത്പാദനത്തിൽ കഴിഞ്ഞവർഷം ഒന്നരമടങ്ങിലധികം വർധനയുണ്ടായതായി കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). അറിയിച്ചു. മേഖലയിൽ കല്ലുമ്മക്കായ കൃഷിയിൽ 160 ശതമാനത്തിന്റെ വർധനയാണുണ്ടായത്. കാസർകോട് ജില്ലയിലെ പടന്നയിലാണ് ഏറ്റവും കൂടുതൽ ഉത്പാദനം.

കടലിൽനിന്നുള്ള ലഭ്യതയിലെ വർധന 15 ശതമാനമാണ്. എന്നാൽ, വിലയിടിവ് സംഭവിച്ചതോടെ ഉത്പാദനവർധനയ്ക്കനുസരിച്ചുള്ള വരുമാനനേട്ടം കല്ലുമ്മക്കായ കർഷകർക്കും തൊഴിലാളികൾക്കും ലഭിച്ചില്ല. ഇത്തരം പ്രതിസന്ധി പരിഹരിക്കാൻ, ഉത്പാദനം കൂട്ടുന്നതിനനുസരിച്ച് കല്ലുമ്മക്കായയുടെ മൂല്യവർധിത ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേണമെന്നാണ് സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞൻമാരുടെ നിർദേശം. മലബാർ മേഖലയിൽനിന്നുള്ള കടൽമത്സ്യലഭ്യതയിലും കഴിഞ്ഞവർഷം വർധനയുണ്ടായിട്ടുണ്ട്. 1.99 ലക്ഷം ടൺ മത്സ്യമാണ് കഴിഞ്ഞ വർഷം പിടിച്ചത്. 38 ശതമാനമാണ് വർധന. കേരളത്തിന്റെ സമുദ്രമത്സ്യോത്പാദനത്തിൽ 29 ശതമാനം പിടിച്ചത് മലബാർ ജില്ലകളിൽനിന്നാണ്. മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും അനുബന്ധമേഖലയിൽ പ്രവർത്തിക്കുന്നവരുടെയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും ശില്പശാലയിലാണ് സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ കണക്കുകൾ അവതരിപ്പിച്ചത്.



കല്ലുമ്മക്കായ വിളവെടുപ്പ്

പ്രിൻസിപ്പൽ സയന്റിസ്റ്റ് ടി.എം. നജ്മുദ്ദീനാണ് റിപ്പോർട്ട് അവതരിപ്പിച്ചത്. ചെറുമീൻ പിടിത്തം കർശനമായി നിയന്ത്രിച്ചാൽ മത്സ്യമേഖലയ്ക്ക് സാമ്പത്തിക നേട്ടമുണ്ടാക്കാമെന്ന് അദ്ദേഹം പറഞ്ഞു. കായൽ സംരക്ഷണവും കണ്ടൽവനങ്ങളുടെ സംരക്ഷണവും തീരദേശ മത്സ്യോത്പാദനത്തിന് അനിവാര്യമാണെന്നും സി.എം.എഫ്.ആർ.ഐ. കോഴിക്കോട് ഗവേഷണകേന്ദ്രം മേധാവി ഡോ. കെ. വിനോദ് പറഞ്ഞു. കയറ്റുമതി ചെയ്യുന്ന ചെമ്മീൻ ഇനങ്ങൾക്ക് വിലകുറയുന്നത് ആശങ്കാജനകമാണെന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ യോഗത്തിൽ പറഞ്ഞു.

ചെറുമീൻപിടിത്ത നിയന്ത്രണം വിജയകരമാക്കാൻ വിതരണ-വിൽപ്പന ഉപഭോഗരംഗത്തും നിയമം പ്രാബല്യത്തിൽ വരുത്തണമെന്നും ആവശ്യപ്പെട്ടു. ഡോ. കെ.വി. അഖിലേഷ്, ഡോ. വി. മഹേഷ്, മത്സ്യവകുപ്പ് അഡീഷണൽ ഡയറക്ടർ കെ.എ. ലബീബ്, എൻ.പി. രാധാകൃഷ്ണൻ, ഉമേഷ് പുതിയാപ്പ എന്നിവർ സംസാരിച്ചു.